# Malayala Manorama
## 29 August 2018
## Kakkanad, Kochi, After Flood, Flood Victims, Relief

### സഹായവുമായി ആന്ധ്രയിലെ അരി വ്യാപാരികൾ

കാക്കനാട് ● ദുരിത ബാധിതർക്കായി 144 മെട്രിക് ടൺ അരി, 10,000 പുതപ്പുകൾ, രണ്ടര ലക്ഷം രൂപയുടെ വസ്ത്രങ്ങൾ തുടങ്ങിയവയുമായി ആന്ധ്രയിൽ നിന്നുള്ള അരി വ്യാപാരികൾ. കലക്ടർ മുഹമ്മദ് സഫിറുല്ല ഇവരിൽ നിന്നു സാധനങ്ങൾ ഏറ്റുവാങ്ങി.

കക്കിനഡ തുറമുഖം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന വ്യാപാരികളാണു സഹായവുമായെത്തിയത്.

മൂന്നു ദിവസം സന്നദ്ധ സേവനത്തിനു തയാറാണെന്നു വിനോദ് അഗർവാളിന്റെ നേതൃത്വത്തിലുള്ള സംഘം കലക്ടറെ അറിയിച്ചു.

### റെയിൽവേയുടെ സഹായം

കൊച്ചി ● റെയിൽവേ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ വീടുകളിൽ സൗജന്യ ഇലക്ട്രിക്കൽ ജോലികൾ തുടങ്ങി. ചൊവ്വര തുരുത്ത്, പറവൂർ തട്ടാംപടി, തൈപ്രകടവ് മേഖലകളിലാണ് ആദ്യപടിയായി സർവേ നടത്തിയത്. തിരുവനന്തപുരം ഡിവിഷനിൽ നിന്നുള്ള 20 ജീവനക്കാരാണു സന്നദ്ധ പ്രവർത്തനം നടത്തുന്നത്.